**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42** **10-06-2024 - ൽ മറുപടിയ്ക്ക്**

**പെരിയാറിലെ മത്സ്യ കർഷകർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പെരിയാറിൽ മൽസ്യങ്ങൾ കൂട്ടത്തോടെ ചത്തു പൊങ്ങിയതിന്റെ കാരണം കണ്ടെത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 20.05.2024 – ന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവൈലൻസ് ടീം പരിശോധന നടത്തുകയുണ്ടായി. Dissolved Oxygen (DO) മത്സ്യങ്ങൾക്ക് ജീവിക്കുന്നതിനാവശ്യമായ അളവിലും കുറവാണെന്ന് ജല സാമ്പിളിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മഴ ശക്തിപ്പെട്ടിതിനെ തുടർന്ന് പാതാളം regulator cum bridge -ന്റെ ഷട്ടറുകൾ തുറന്നപ്പോൾ regulator ന്റെ മുകൾവശത്തു നിന്ന് Dissolved Oxygen ലെവൽ കുറഞ്ഞ ജലം, കൂടിയ അളവിൽ regulator ന്റെ താഴേക്കു ഒഴുകിയത് മത്സ്യനാശത്തിനു കാരണമായെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. ബണ്ട് അടഞ്ഞു കിടക്കുന്ന വേനൽമാസങ്ങളിൽ ബണ്ടിനു മുകൾഭാഗത്തുള്ള നിരവധി ജനവാസമേഖലകളിലൂടെ ഒഴുകി വരുന്ന ജൈവമാലിന്യങ്ങൾ പുഴയിൽ എത്തുന്നതും അവ regulator-നു അടിത്തട്ടിലേക്ക് അടിയുന്നതും അവിടെ Dissolved Oxygen (DO) ലെവൽ കുറയുന്നതിന് കാരണമാകുന്നുണ്ട്.<br><br>പെരിയാർ നദിയിലേയ്ക്ക് treated effluent അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽ നിന്നും മലിനജലം പുറംതള്ളുന്നതായി കണ്ടെത്തിയിട്ടില്ല. അതേ സമയം ഒരു സ്വകാര്യ chicken waste rendering unit - ൽ നിന്ന് മലിനജലം പുറത്തേക്ക് ഒഴുക്കിയതിന്റെ ലക്ഷണങ്ങൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് closure order നൽകിയിട്ടുണ്ട്. ഏലൂർ എടയാർ ഭാഗത്തുള്ള വ്യവസായശാലകളിൽ വിശദമായ പരിശോധന തുടർന്നുള്ള ദിവസങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിട്ടുണ്ട്. |
| (ബി) | ഇതുമൂലം നഷ്ടം സംഭവിച്ച മത്സ്യ കർഷകർക്ക് | (ബി) | ഉണ്ട്. മത്സ്യകൃഷികളിലെ നാശനഷ്ടങ്ങൾ |

| | | | |
|---|---|---|---|
| | നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | വിലയിരുത്തിയതിൽ നിന്നും കൂട്ട് മത്സ്യ കൃഷിയ്ക്ക് 692.59 ലക്ഷം രൂപയും ഓരു ജല മത്സ്യ കൃഷിക്ക് 9.4728 ലക്ഷം രൂപയും എംബാങ്ക്മെന്റ് മത്സ്യ കൃഷിയ്ക്ക് 1.6 ലക്ഷം രൂപയും ചേർത്ത് ആകെ 703.6628 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.<br><br>പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവിധ മത്സ്യകൃഷിക്ക് സംഭവിച്ച നഷ്ടം പ്രാഥമികമായി വിലയിരുത്തിയതിൽ നിന്നും പ്രസ്തുത പ്രദേശങ്ങളിൽ ഏകദേശം 150 ഓളം ചീനവലകൾ പ്രവർത്തിക്കുകയും ഉപജീവനത്തിനായി ഇതിനെ ആശ്രയിയ്ക്കുകയും ചെയ്യുന്നുണ്ട്. പുഴയിലെ മത്സ്യ സമ്പത്ത് പൂർണ്ണമായി നഷ്ടപ്പെട്ട സാഹചര്യത്തിൽ ആയത് പുനരുജ്ജീവിക്കുന്നതുവരെ മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനായി 3 മാസത്തെ നഷ്ടം 6,51,94,500/- (ആറ് കോടി അൻപത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയായി വിലയിരുത്തിയിട്ടുണ്ട്. |
| (സി) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി മുളവുകാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ മത്സ്യകർഷകർക്ക് സംഭവിച്ച നഷ്ടം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി, മുളവുകാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ നഷ്ടം 318.98 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ